പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1680 16.03.2015- ൽ മറുപടിയ്ക്ക്

**ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിനുള്ള നടപടി**

ചോദ്യം

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള ക്ഷേമപെൻഷനുകൾ യഥാസമയം നൽകുന്നതിനു പകരം എപ്പോഴെങ്കിലും ഒരുമിച്ച് നൽകുന്നത് കൊണ്ട് ഉദ്ദേശിച്ച ഫലം പെൻഷൻ കാർക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഏതെല്ലാം ക്ഷേമപെൻഷനു കളിൽ നിലവിൽ കുടിശ്ശിക യായുണ്ട് ; | (ബി) | സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പെൻഷനുകളിൽ കുടിശ്ശികയുണ്ട്. |
| (സി) | 2015 മാർച്ച് 31 വരെയുള്ള ക്ഷേമപെൻഷനുകൾ എല്ലാം കൂടി നൽകുന്നതിന് മൊത്തം എന്ത് തുക ആവശ്യമാണ് ; | (സി) | സാമൂഹ്യക്ഷേമ പെൻഷനുകളുടെ 2015 മാർച്ച് മാസം വരെയുള്ള വിതരണത്തിനായി ആവശ്യമുള്ള തുക 72860.97 ലക്ഷം രൂപ യാണ്. |
| (ഡി) | ബഡ്ജറ്റിൽ വകയിരുത്ത പ്പെട്ടതിൽ എന്ത് തുക അവശേഷിക്കുന്നുണ്ട് ? | (ഡി) | ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവനും പെൻഷൻ വിതരണത്തിനായി ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞു. തുക അവശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ